101 (1356) സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഐഡന്റിറ്റി കാർഡ്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ഐഡന്റിറ്റി കാർഡ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സംഘടന നിവേദനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നതിനായി കാർഡ് അച്ചടിച്ച് ഏൽപ്പിക്കുവാൻ ഏതെങ്കിലും സംഘടനയോട് സഹകരണസംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നോ;

(സി) എങ്കിൽ ഇതിൻപ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടേഴ്സ് ആന്റ് ആഡിറ്റേഴ്സ് അസോസിയേഷൻ ഐഡന്റിറ്റി കാർഡ് അച്ചടിച്ച് രജിസ്ട്രാർ ഓഫീസിൽ ഏൽപ്പിച്ചിരുന്നുവോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇതിനകം എത്രപേർക്ക് ഐഡന്റിറ്റികാർഡ് വിതരണം ചെയ്തിട്ടുണ്ട്;

(ഡി) സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും ഐഡന്റികാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) ഈ സംഘടന ഐഡന്റിറ്റി കാർഡുകൾ അച്ചടിച്ച് സഹകരണ സംഘം രജിസ്ട്രാറെ ഏൽപ്പിച്ചിരുന്നു. ജീവനക്കാർക്ക് ഡിപ്പാർട്ടുമെന്റിന്റേതായ ഐഡന്റിറ്റികാർഡുകളാണ് നൽകേണ്ടത്. ഇതിന് സഹകരണ സംഘം രജിസ്ട്രാർ നടപടികൾ സ്വീകരിച്ചു വരുന്നു. നാലുപേർക്ക് നൽകിയതായി കാണുന്നു. വിജിലൻസ് വിഭാഗം ഓഫീസർമാർക്ക് ഡിപ്പാർട്ടുമെന്റിന്റേതായ ഐഡന്റിറ്റി കാർഡുകൾ ഇപ്പോൾ വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും സർക്കാർ പ്രസ്സിൽനിന്നും അച്ചടിച്ച് ഡിപ്പാർട്ടുമെന്റിന്റേതായ ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

102 (1957) ജീവനക്കാരെ പിരിച്ചുവിട്ട നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 35 പേരെ എന്നാണ് സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരെ പിരിച്ചുവിടാൻ കാരണമെന്തായിരുന്നു;

(സി) പിരിച്ചുവിടുമ്പോൾ അൻപതോളം ഒഴിവുകൾ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly